ദേശാഭിമാനി

11 April 2017

# വടക്കൻതീരദേശ ജില്ലകളിൽ നിരോധിതരാസവസ്തു ചേർത്ത ഉണക്കമത്സ്യം വിൽക്കുന്നതായി ഭക്ഷ്യസുരക്ഷാ കമീഷണർ

സ്വന്തം ലേഖിക

**കൊച്ചി** > കേരളത്തിലെ വടക്കൻ തീരദേശ ജില്ലകളിലെ വഴിയോര കച്ചവടക്കാരിൽ ഏറിയപങ്കും നിരോധിച്ച രാസവസ്തുക്കൾ ചേർത്ത ഉണക്കമത്സ്യവും മത്സ്യ ഉൽപ്പന്നങ്ങളും വിൽക്കുന്നവരാണെന്ന് ഭക്ഷ്യസുരക്ഷാ കമീഷണർ നവജോത് ഖോസ പറഞ്ഞു. സിഎംഎഫ്ആർഐയിലെ നാഷണൽ അക്കാദമി ഓഫ് അഗ്രികൾചറൽ സയൻസും സെന്റ് തെരേസാസ് കോളേജ് ഫുഡ് പ്രോസസിങ് ടെക്നോളജി വൊക്കേഷണൽ സ്റ്റഡീസ് വകുപ്പും ചേർന്നു സംഘടിപ്പിച്ച ദേശീയ ഭക്ഷ്യസുരക്ഷാ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

കൂടുതൽകാലം കേടുകൂടാതിരിക്കാൻ ഭക്ഷ്യപദാർഥങ്ങളിൽ സോഡിയം ബെൻസോയേറ്റും ആരോഗ്യത്തിന് ഹാനികരമാകുന്ന മറ്റ് രാസപദാർഥങ്ങളും കീടനാശിനികൾവരെയും ഉപയോഗിക്കുന്നത് ഫുഡ്സേഫ്റ്റി വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ടുണ്ടാകുന്ന അപകടങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മകൊണ്ടാണ് പലരും രാസപദാർഥങ്ങൾ ഉപയോഗിക്കുന്നത്. കേരളത്തിലെ ഇറച്ചിവിൽപ്പനശാലകളിൽ ഏറിയപങ്കും അനധികൃതമായാണ് പ്രവർത്തിക്കുന്നത്. മത്സ്യവിഭവങ്ങളിൽ മാരക രാസപദാർഥങ്ങൾ ഉപയോഗിച്ചിട്ടുണ്ടോയെന്നു പരിശോധിക്കാൻ 'ഓപ്പറേഷൻ സാഗരറാണി' എന്ന പേരിൽ പരിശോധന നടത്തിവരികയാണെന്നും നവജോത് ഖോസ പറഞ്ഞു.

സെമിനാറിൽ സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ അധ്യക്ഷനായി. ഡോ. ശ്രീനിവാസ ഗോപാൽ, ഡോ. കെ പി സുധീർ, ഡോ. ജോർജ് ടി ഉമ്മൻ, ഡോ. എസ് നസീമ ബീവി, ഡോ. അശോക് കുമാർ, ഡോ. പി ഐ ഗീവർഗീസ്, ഡോ. ജെസ്റ്റോ ജോർജ്, സെന്റ് തെരേസസ് കോളേജ് പ്രിൻസിപ്പൽ ഡോ. സജിമോൾ അഗസ്റ്റിൻ, ഡോ. സിസ്റ്റർ വിനിത എന്നിവർ സംസാരിച്ചു.